# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2468** **14/06/2019-ൽ മറുപടിയ്ക്ക്**

### കാർഷിക-ഗ്രാമവികസന ബാങ്കിലെ വായ്പയ്ക്ക് ഈടായി നൽകിയ ആധാരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| ചാലക്കുടി സഹകരണ കാർഷിക-ഗ്രാമവികസന ബാങ്കിലെ അംഗങ്ങൾ വായ്പയ്ക്ക് ഈടായി നൽകിയ ആധാരങ്ങൾ പ്രളയത്തിൽ നശിച്ചു പോയതിന് പകരമായി ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സൗജന്യമായും കാലതാമസം കൂടാതെയും നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | 2018 ആഗസ്റ്റ് മാസത്തിൽ സംഭവിച്ച പ്രളയത്തിൽ ചാലക്കുടി താലൂക്ക് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ വായ്പയ്ക്ക് ഈടായി വച്ചിരുന്ന 35 ആധാരങ്ങൾ പൂർണ്ണമായും 244 ആധാരങ്ങൾ ഭാഗികമായും നഷ്ടപ്പെട്ടിട്ടുള്ളതാണ്. ടി ആധാരങ്ങളുടെ പകർപ്പുകൾ സൗജന്യമായി സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനായി ബാങ്ക് അധികൃതർ 28.11.2018 ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും 11.12.2018 ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മേലാധാരങ്ങളുടെ ബന്ധപ്പെട്ട രജിസ്ട്രാർ ആഫീസുകളെ സമീപിക്കുന്നതിന് നിർദ്ദേശിക്കുകയുമുണ്ടായി. ആയത് പ്രകാരം ബാങ്ക് ചാലക്കുടി, അന്നമനട, മാള, കോടാലി, കല്ലേറ്റുംകര എന്നീ രജിസ്ട്രാർ ആഫീസുകളിലെ സബ് രജിസ്ട്രാർമാർക്ക് ആധാരങ്ങൾ നഷ്ടപ്പെട്ടുപോയവരുടെ ലിസ്റ്റുകൾ സമർപ്പിച്ചിട്ടുണ്ട്.<br><br>പ്രളയത്തിൽ നശിച്ചു പോയതിന് പകരമായി ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സൗജന്യമായും കാലതാമസം കൂടാതെയും നൽകുന്നതിന് രജിസ്ട്രേഷൻ വകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ